പരിഹാരം കാണാൻ കഴിയുമോ എന്നു പരിശോധിച്ചുവരികയാണ്. അതിന്റെ അന്വേഷണം പൂർത്തിയായി നിയമാനുസൃതമായ രീതിയിൽ പതിച്ചുകൊടുക്കുന്ന നടപടി നടപ്പിലാക്കും. ഇങ്ങനെ ഭൂമി കൈയേറി കുടിൽകെട്ടി താമസിക്കുന്ന ആളുകൾ ഭൂമിയില്ലാത്തവരും വീടില്ലാത്തവരും ആണെങ്കിൽ ആ പരിഗണനവച്ച് അവർക്കുവേണ്ടി എന്താണ് ചെയ്യാൻ കഴിയുകയെന്നുള്ള കാര്യം ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നുണ്ട്.

(5) ചാത്തന്നൂരിലെ മൊട്ടക്കാവ്, പള്ളിമൺ പ്രദേശങ്ങളിൽ ചെളിയെടുക്കുന്നതുമൂലമുളവായിട്ടുള്ള ഗുരുതരാവസ്ഥ

<u>ശ്രീ. എൻ. അനിരുദ്ധൻ</u> : സർ, ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിമൺ വില്ലേജിൽപ്പെട്ട മൊട്ടക്കാവ്, പള്ളിമൺ പ്രദേശങ്ങളിൽ നിന്ന് വ്യാപകമായി നിയമവിരുദ്ധമായി ചെളിയെടുപ്പ് നടത്തുന്നതിനാൽ ഗുരുതരമായ ഒരു സ്ഥിതിവിശേഷം ആ പ്രദേശങ്ങളിൽ സംജാതമായിട്ടുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കെ.എൽ.യു. ഓർഡറിനു വിരുദ്ധമായിട്ടാണ് അവിടെ ചെളിയെടുപ്പ് നടക്കുന്നത്. മാത്രമല്ല അത് ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കുന്നു. സമീപപ്രദേശങ്ങളിലുള്ള കിണറുകളിൽ ജലനിരപ്പ് താഴുന്നതിന് ഈ ചെളിയെടുപ്പ് കാരണമാകുന്നു. പത്തും, നാൽപതും അടി താഴ്ചയിൽ ചെളിയെടുത്ത കുഴികൾ ഫെൻസിംഗ് ഇല്ലാതെ അപകടകരമായ നിലയിലാണ് ഇട്ടിരിക്കുന്നത്. നിയമവിരുദ്ധമായ രീതിയിലാണ് ഈ സംരംഭം നടക്കുന്നത് പരാതിപ്പെട്ടിട്ടും ഇതിന് പരിഹാര നടപടികൾ ഉണ്ടാകുന്നില്ല. പരിസ്ഥിതിപ്രശ്നം, നിയമവിരുദ്ധമായ ഫെൻസിംഗ് ഇല്ലാത്ത തുറന്ന സ്ഥലങ്ങളിൽ കുഴി എടുത്തിടുക എന്നിവമൂലം ജനങ്ങൾ പരിഭ്രാന്തരായാണ് കഴിയുന്നത്. ഈ സ്ഥിതിവിശേഷത്തിന് അടിയന്തിരമായി പരിഹാരം ഉണ്ടാക്കുന്നതിന് സത്വരശ്രദ്ധ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.ഇ. ഇസ്മയിൽ)</u>. സർ, ചാത്തന്നൂർ മണ്ഡലത്തിലെ നെടുമ്പന പഞ്ചായത്തിൽപ്പെട്ട മൊട്ടക്കാവ്-പള്ളിമൺ പ്രദേശങ്ങളിൽ നിലവും പുരയിടവും കുഴിച്ച് ചെളി എടുക്കുന്നത് പൊതുജനങ്ങൾക്കും സമീപവാസികൾക്കും വളരെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. പരിസ്ഥിതിയെപ്പോലും അത് ബാധിക്കുന്നു എന്ന് പരാതികൾ കിട്ടിയിട്ടുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പള്ളിമൺ, നെടുമ്പന പ്രദേശങ്ങളിൽനിന്ന് ചെളിയെടുക്കുന്നതിന് ജിയോളജി വകുപ്പിന്റെ കൊല്ലം ജില്ലാ ഓഫീസ് 4 പെർമിറ്റുകൾ നൽകിയിട്ടുണ്ട്. ഈ നാലു പെർമിറ്റും കരപ്രദേശങ്ങളിലാണ് നൽകിയിട്ടുള്ളത്. ഇതിൽ ഒരു പെർമിറ്റിന്റെ കാലാവധി 31-3-93-ൽ അവസാനിച്ചു. മൊട്ടക്കാവ് പ്രദേശത്ത് ചെളിയെടുക്കുന്നതിന് പെർമിറ്റ് ഒന്നും ഇതുവരെ നൽകിയിട്ടില്ല. ഈ പ്രദേശത്ത് പോയി നേരിട്ട് പരിശോധിച്ച് ഇതു സംബന്ധിച്ച റിപ്പോർട്ട് നൽകുന്നതിന് കൊല്ലം ആർ.ഡി.ഒ യേയും കൊല്ലം ജില്ലാ ജിയോളജിസ്റ്റിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് 1998-99 കാലയളവിൽ കൊല്ലം ജില്ലയിലെ നെടുമ്പന പഞ്ചായത്തിൽ ഓട്, ഇഷ്ടിക എന്നിവയുടെ അനധികൃത നിർമ്മാണം, കളിമണ്ണിന്റെ അനധികൃത ഖനനം എന്നിവ സംബന്ധിച്ച് 6 കേസുകൾ കണ്ടുപിടിച്ച് ശിക്ഷിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 30,000 രൂപ പിഴ

LIBRARY ARCHIVES Kerala Legislative Assembly

വസൂലാക്കുകയും ചെയ്തിട്ടുണ്ട്. ചെളി എടുക്കുന്നതിനുള്ള പെർമിറ്റുകൾ ജില്ലാകളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജിയോളജി വകുപ്പാണ് ഇപ്പോൾ നൽകിവരുന്നത്. ഇങ്ങനെ ചെളി എടുക്കുന്നതുകൊണ്ട് പരിസ്ഥിതിക്കും, ജീവനും അപകടം എന്തെങ്കിലും ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ പെർമിറ്റ് നൽകുന്ന നടപടി ഗവൺമെന്റ് പുനഃപരിശോധിക്കുന്നതാണ്. അനധികൃതമായ ഖനനം തടയുന്നതിന് കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. അടിയന്തിരമായി ഈ കാര്യത്തെക്കുറിച്ച് അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

(6) ലാന്റ് ട്രൈബ്യൂണൽ ഓഫീസുകളുടെ പ്രവർത്തനം

<u>ശ്രീ. ജോസ് ബേബി</u> : സർ, ഭൂപരിഷ്കരണ നിയമം നടപ്പാക്കിയതിനെത്തുടർന്ന് നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ലാന്റ് ട്രൈബ്യൂണലുകൾ പലതിന്റെയും പ്രവർത്തനം കാര്യക്ഷമമല്ല എന്ന കാരണം പറഞ്ഞ് നിരവധി ഓഫീസുകൾ അടുത്തകാലത്ത് അടച്ചുപൂട്ടുകയുണ്ടായി. അങ്ങനെ നിരവധി ഓഫീസുകൾ അടച്ചുപൂട്ടിയതിനെത്തുടർന്ന് നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർക്ക് അവരുടെ ഭൂമിക്ക് പട്ടയം കൊടുക്കുന്ന പ്രവർത്തനങ്ങൾ ഇന്ന് പല പ്രദേശത്തും സ്തംഭിച്ചിട്ടുണ്ട്. ട്രൈബ്യൂണൽ ഓഫീസുകൾ നിർത്തലാക്കിയാൽപ്പോലും അതിനുപകരം സംവിധാനമെന്ന നിലയ്ക്ക് സിറ്റിംഗ് ഏർപ്പെടുത്തുമെന്നാണ് ഗവൺമെന്റ് പറഞ്ഞത്. എന്നാൽ ഇപ്പോൾ ആ പ്രവർത്തനം നടക്കുന്നില്ല. അടിയന്തിരമായും ഈ രംഗത്ത് പാവപ്പെട്ട കൃഷിക്കാർ ഉൾപ്പെടെയുള്ള ഇടത്തരക്കാരുടെ ഭൂമിയുടെ പ്രശ്നം പരിഹരിക്കുവാൻ ലാന്റ് ട്രൈബ്യൂണൽ ഓഫീസുകളുടെ പ്രവർത്തനം, ഓഫീസുകളിൽ ഇല്ലെങ്കിൽപോലും അതിന്റെ സിറ്റിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനം നടത്തി ജനങ്ങളെ സഹായിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.ഇ. ഇസ്മയിൽ)</u> : സർ, ലാന്റ് ട്രൈബ്യൂണൽ ഓഫീസുകൾ വെറുതെയങ്ങ് അടച്ചുപൂട്ടിയതല്ല. റവന്യൂ പുനഃസംവിധാനത്തിന്റെ ഭാഗമായി വിശദമായ പഠനത്തിനുശേഷം നമ്മുടെ സംസ്ഥാനത്ത് 249 ഓഫീസുകൾ ഇതുപോലെ നിർത്തൽ ചെയ്യാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി കേസുകൾ ഏറ്റവും കുറവുള്ള ലാന്റ് ട്രൈബ്യൂണൽ ഏതൊക്കെയാണെന്ന് നോക്കി ആ 21 ഓഫീസുകൾ നിർത്തലാക്കുകയും അവിടെ ജോലി ചെയ്യുന്നവർക്ക് മറ്റ് ലാവണങ്ങളിൽ ജോലി പുനഃസംവിധാനം ചെയ്ത് നൽകുകയും ചെയ്തു. അവിടെ ബാക്കിയുള്ള കേസ്സുകൾ സമയബന്ധിതമായി തീർക്കുന്നതിന് കാലവിളംബം ഉണ്ടാകരുത്. ജനങ്ങൾക്ക് പ്രയാസം ഉണ്ടാകരുത് എന്നതിന്റെ അടിസ്ഥാനത്തിൽ അതിനാവശ്യമായിട്ടുള്ള ക്രമീകരണവും വരുത്തിയിട്ടുണ്ട്. 21 ലാന്റ് ട്രൈബ്യൂണൽ ഓഫീസുകളാണ് ഇതിന്റെയടിസ്ഥാനത്തിൽ നിർത്തലാക്കേണ്ടിവന്നത്. അതുകൊണ്ട് ഇവയുടെ പ്രവൃത്തികൾ ഇപ്പോൾ നിലവിലുള്ള ബാക്കി ട്രൈബ്യൂണലുകളിലായി നൽകുകയും ആ കേസുകൾ മുഴുവൻ അവിടെ എടുക്കണമെന്ന് ഗവൺമെന്റ് ഓർഡർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ചെയ്യുമ്പോൾത്തന്നെ ഈ ട്രൈബ്യൂണലുകളുടെ സിറ്റിംഗ് അവ നിർത്തലാക്കിയ സ്ഥലങ്ങളിൽ വച്ചുതന്നെ നടത്തണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly